തൊഴിലാളികളുടെ വേലസ്ഥിരത.

*322 [12] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്കു മുതലാളിമാർ സ്ഥിരമായി ജോലി നൽകുന്നുണ്ടോ എന്നു ഫലപ്രദമായി നിരീക്ഷിക്കാൻ എന്തു വ്യവസ്ഥയാണു ഗവണ്മെൻറു ചെയ്തിട്ടുള്ളതെന്നു പറയുമോ;

(ബി) കശുവണ്ടിത്തൊഴിലാളികൾക്ക് ഏറിയകാലമായി മുതലാളിമാർ ആഴ്ചയിൽ 5 ദിവസംപോലും വേലനൽകുന്നില്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ അറിവിൽ പെട്ടിട്ടുണ്ടോ ;

(സി) തോട്ടം തൊഴിലാളികൾക്കു മഴദിവസങ്ങളിൽ ടാപ്പിംഗ് സാധ്യമല്ലാതെ വരുമ്പോൾ മറുജോലി ചില മുതലാളിമാർ നൽകുന്നില്ലെന്നുള്ള വസ്തുത അപ്പപ്പോൾ അറിയാൻ എർപ്പാടുവല്ലതുമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ലേബർഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ മുഖാന്തിരം തൊഴിലാളികൾക്കു കഴിയുന്നിടത്തോളം സ്ഥിരമായി ജോലി കൊടുക്കുവാൻ മാനേജുമെൻറിനെ പ്രേരിപ്പിക്കുന്നതിനു പുറമെ തക്കം ഉണ്ടാകുമ്പോൾ ഇടപെട്ട് ഒത്തുതീർപ്പുകൾ ഉണ്ടാക്കുന്നുണ്ട്.

(ബി) ഇല്ല. എന്നാൽ ശ്രീ. തങ്കമ്മകണ്ണമൂസലിയാരുടെ വകയായ ഫാക്ടറിയിൽ ആഴ്ചയിൽ 5 ദിവസം മാത്രമേ ജോലികൊടുക്കുന്നുള്ളൂ. ആഴ്ചയിൽ 6 ദിവസം ജോലിവേണമെന്നുള്ള യാതൊരു ഡിമാൻറും (തൊഴിലാളിഭാഗത്തുനിന്നും) ഇതുവരെ ഉന്നയിച്ചതായി അറിവില്ല.

(സി) തോട്ടം തൊഴിലാളികൾക്കു മഴദിവസങ്ങളിൽ ടാപ്പിംഗ് സാധ്യമല്ലാതെ വരുമ്പോൾ മറുജോലി ചില മുതലാളിമാർ കൊടുക്കുന്നില്ലെന്നുള്ള വസ്തുത അപ്പപ്പോൾ അറിയാൻ പ്രത്യേക ഏർപ്പാടുകളൊന്നും ചെയ്തിട്ടില്ല. തൊഴിലാളിയൂണിയൻ പ്രതിനിധികളോ ആയതിനെപ്പറ്റി പരാതിപ്പെടുമ്പോൾ മാത്രമേ ഈ വിവരത്തെ സാധാരണയായി ലേബർഡിപ്പാർട്ടുമെൻറിൽ അറിയാറുള്ളൂ. അങ്ങിനെ പരാതിപ്പെടുമ്പോൾ ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്.

ശ്രീ. കട്ടപ്പൻ കോയിക്കൽ : ആഴ്ചയിൽ അഞ്ചുദിവസം മാത്രമേ തൊഴിലാളികൾക്കു തൊഴിൽ കൊടുക്കുന്നുള്ളൂ എന്നു തൊഴിലാളിയൂണിയനിൽ നിന്നും പരാതി അയച്ചിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തങ്കമ്മകണ്ണമൂസലിയാരുടെ ഫാക്ടറിയിൽ മാത്രമേ ആഴ്ചയിൽ അഞ്ചുദിവസം ജോലിയുള്ളൂ. അതു സംബന്ധിച്ചു പ്രത്യേക പരാതികളൊന്നും കിട്ടിയതായി ഓർമ്മയുണ്ടെന്നില്ല. അതുകൊണ്ടു ഞാൻ തെറ്റായ മറുപടി പറഞ്ഞു എന്നു വിചാരിക്കരുതു്

ശ്രീ. കട്ടപ്പൻ കോയിക്കൽ : കശുവണ്ടി ഫാക്ടറികളും സിസ്സൽ ഫാക്ടറികളായി നടത്തുന്നതിനു ഗവണ്മെൻറു് അനുവാദം കൊടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസുവേണം.

ശ്രീ. കുട്ടപ്പൻകോയിക്കൽ : സീസണലാക്കുന്നതിനു മുമ്പായി തൊഴിലാളിമാർ ശ്രമിച്ചുവരുന്നതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയും ഒരു വാദമുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അതെപ്പറ്റി ഗവണ്മെൻറ് എന്തു തീരുമാനമാണു എടുത്തിട്ടുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കിഴക്കേ ആഫ്രിക്കയിൽ നിന്നും കശുഅണ്ടി ഇറക്കുമതിചെയ്യുന്നതിനുള്ള വൈഷമ്യംമൂലം ഈ വ്യവസായം കൂടുതൽ തൊഴിലില്ലായ്മ ഉണ്ടാകുവാൻ ഇടയുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ടു കൂടുതൽ വിഷമങ്ങൾ ഉണ്ടാകാനിടയുണ്ടു്. അതാണു നമ്മുടെ രാജ്യത്തു കശുഅണ്ടി വർദ്ധിപ്പിക്കാൻ ഗവണ്മെൻറ് ആലോചിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : അതിനിപ്പോൾ എന്തു നടപടിയാണു് സ്വീകരിക്കാനുദ്ദേശിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് നമ്മൾ എല്ലാവരും കൂടി ആലോചിക്കേണ്ട ഒരു കാര്യമാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഇക്കൊല്ലം കൂടുതൽ കശുഅണ്ടി ആഫ്രിക്കയിൽനിന്നും ഇറക്കുമതിചെയ്യാൻ ഗവണ്മെൻറ് ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

വിദ്യാർത്ഥികൾ നിർമ്മിച്ച റോഡുകൾ.

* 323. [18] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ :

(എ) 1953-54-ലും, 1954-55-ലും ലേബർവാരംകൊണ്ടു് ഈ സംസ്ഥാനത്തിനു് ലഭിച്ച വിദ്യാർത്ഥികളുടെ അദ്ധ്വാനത്തിൻറെ വിലയെന്തു് ; ആകെ നിർമ്മിച്ച റോഡു് എത്ര ;

(ബി) ഈ റോഡുകളുടെ മെയിൻറനൻസിനു് സർക്കാർ എത്തെങ്കിലും അനുവദിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1953-54-ൽ, 1954-55-ൽ, വിദ്യാർത്ഥികളുടെ അദ്ധ്വാനത്തിൻറെ വില എന്തു്, അവർ ചെയ്ത ജോലിയുടെ ആകെത്തുക എന്തു് എന്നു കണക്കാക്കിയിട്ടില്ല.

(ബി) പ്രശ്നം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly